# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 4**

---

പുതിയ രജിസ്ട്രേഷന് അവസരം

## പി.ജി മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; ക്ലാസ് എട്ടു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ നാളെ(ജൂലൈ 6) വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ സ്ഥിര പ്രവേശനം നേടണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാം. മറ്റു വിഭാഗങ്ങളിലുള്ളവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല. പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ക്ലാസ്സുകൾ ജൂലൈ എട്ടിന് ആരംഭിക്കും. ജൂലൈ എട്ടു മുതൽ പത്തുവരെ വരെ പുതിയ രജിസ്ട്രേഷന് സൗകര്യമുണ്ടാകും. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികയിൽ ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ള വിദ്യാർഥികൾക്ക് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപെട്ടവർക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ് രജിസ്ട്രേഷനൊപ്പം പുതിയതായി രജിസ്റ്റർ ചെയ്യാം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും പിഡി ക്വാട്ടയിലേക്കും ഇതോടൊപ്പം പുതിയതായി അപേക്ഷിക്കുയോ ഓപ്ഷനുകൾ നൽകുകയോ ചെയ്യാം.

(പി.ആർ.ഒ/39/550/2024)

## അഡ്വാൻസ്ഡ് സർവേയിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിനു കീഴിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ്

ആന്റ് ജി.ഐ.എസ് നടത്തുന്ന അഡ്വാൻസ്ഡ് സർവേയിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് ഷോർട്ട് ടേം കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള പരിശീലനമാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അപേക്ഷ കൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 10. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(https://ses.mgu.ac.in)ഫോൺ-8590282951, 9048582843, 9446767451.
(പി.ആർ.ഒ/39/551/2024)

## തൊഴിൽ മേള; രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മോഡൽ കരിയർ സെന്റർ നടത്തുന്ന തൊഴിൽ മേളയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യാം. ബിബിഎ, ബികോം, ബിഎഡ്, എംബിഎ യോഗ്യതയുള്ളവർക്കാണ് അവസരം. ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രമുഖ വിദ്യാഭ്യാസ സേവന സ്ഥാപനത്തിൽ മാനേജർ, റിലേഷൻഷിപ്പ് ഓഫീസർ, ടീച്ചർ തസ്തികകളിലെ ഇരുന്നൂറോളം ഒഴിവുകളിലേക്ക് തൊഴിൽ മേളയിൽനിന്ന് തിരഞ്ഞെടുക്കുന്നവർക്ക് നിയമനം നൽകും.

കൂടുതൽ വിവരങ്ങൾ മോഡൽ കരിയർ സെന്റർ കോട്ടയം എന്ന ഫേസ്ബുക്ക് പേജിൽ. ഫോൺ 0481 2731025, 8075164727.
(പി.ആർ.ഒ/39/552/2024)

## സ്പോട്ട് അ്ഡമിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എംഎസ്സി എൻവയോൺമെന്റൽ സയൻസ് പ്രോഗ്രാമിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത മൂന്നു സീറ്റുകളും എംഎസ്സി അപ്ലൈഡ് ജിയോളജി പ്രോഗ്രാമിൽ പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ യഥാക്രമം രണ്ടും ഒന്നും സിറ്റുകളും ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഇന്നു(ജൂലൈ 5) രാവിലെ പത്തിന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-04812733369, 8921456993.

.........................................................................

സകൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളോജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന്(ജൂലൈ 5) ഉച്ചക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-9562578730. വിശദ വിവരങ്ങൾ സർവകലാശാലാ വെബസൈറ്റിൽ

.........................................................................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ദ്വിവത്സര എൽ.എൽ.എം പ്രോഗ്രാമിൽ എസ്സി വിഭാഗത്തിലും കുശവൻ(ഒഇസി-എസ്സി) വിഭാഗത്തിലും ഒന്നു വീതം സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യർഥികൾ അസ്സൽ രേഖകളുമായി ജൂലൈ എട്ടിന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ എത്തണം.

...............................................................................

സകൂൾ ഓഫ് ഡാററ അനലിറ്റിക്സിൽ എംഎസ്സി ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് പ്രോഗ്രാമിൽ പട്ടികജാതി വിഭാഗത്തിൽ രണ്ടും പട്ടിക വർഗ വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജൂലൈ എട്ടിനു രാവിലെ 10.30ന് കൺവർജെൻസ് അക്കാദമിയ കോംപ്ലക്സിൽ എത്തണം. ഫോൺ-8304870247
(പി.ആർ.ഒ/39/553/2024)

## പി.ജി; അപേക്ഷിക്കാം

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിലെ എംഎഡ് പ്രോഗ്രമിൽ ജനറൽ, പട്ടിക ജാതി, പട്ടികവർഗ വിഭാഗങ്ങളിലെ ഒഴിവുകളിലേക്ക് അപേക്ഷിക്കാം.
വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത അപേക്ഷാ ഫോറം പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം ജൂലൈ ഏഴു വരെ sps@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കാം. അപേക്ഷയുടെ ഹാർഡ് കോപ്പി സ്വീകരിക്കുന്നതല്ല. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in, www.sps.mgu.ac.in) ഫോൺ-0481 2731042

.................................................
സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ എംഎ ഡെവലപ്പ് മെന്റ് സ്റ്റഡീസ് പ്രോഗ്രാമിൽ പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്ക് സംവരണം ചെയ്ത ഓരോ സീറ്റുകളും എംഎ ഗാന്ധിയൻ സ്റ്റഡീസിൽ പട്ടികവർഗ വിഭാഗത്തിലും ജനറൽ വിഭാഗത്തിലും ഓരോ സീറ്റുകളും ഒഴിവുണ്ട്. താത്പര്യമുള്ളവർ വെബ് സൈറ്റിൽ (https://sgtds.mgu.ac.in) ജൂലൈ പത്തിനകം രജിസ്റ്റർ ചെയ്യണം. ഫോൺ-04812731039
(പി.ആർ.ഒ/39/554/2024)

## പരീക്ഷാഫലം

ഒന്നാം സെമസറ്റർ പിജിസിഎസ്എസ് (റെഗുലർ ആന്റ് സപ്ലിമെന്ററി) മാസ്റ്റർ ഓഫ് സയൻസ് ഇൻ ബയോഇൻഫർമാറ്റിക്സ്(ഡിസംബർ 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 18 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബസൈറ്റിൽ

.......................................................
ബി.ആർക്ക് ഇന്റേർണൽ റീ-ഡു സപ്ലിമെന്ററി എക്സാമിനേഷൻ (2013-2017 അഡ്മിഷൻ ഫെബ്രുവരി 2024) പരീക്ഷാഫലം പ്രഖ്യാപിച്ചു.

...........................................
ഒന്നാം സെമസ്റ്റർ എം.എസ്.സി ഓപ്പറേഷൻസ് റിസേർച്ച് ആൻഡ് കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (ഡിസംബർ 2023) പരീക്ഷാഫലം പ്രസീദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 19വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബസൈറ്റിൽ

..........................................................................
(പി.ആർ.ഒ/39/555/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (മെറ്റീരിയൽ സയൻസ് 2022 അഡ്മിഷൻ റെഗുലർ, 2019, 2021, 2022 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ എട്ട് മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും.
വിശദ വിവരങ്ങൾ സർവകലാശാലാ വെബസൈറ്റിൽ
......................................

നാലാം സെമസ്റ്റർ എം.എ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (എം.എ ജെ.എം.സി സിഎസ്എസ്-2022 അഡ്മിഷൻ റെഗുലർ 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 24, 25 തീയതികളിൽ

പുല്ലരിക്കുന്ന് കാമ്പസിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ

.......................................................

നാലാം സെമസ്റ്റർ ബി.വോക്ക് സോഫ്റ്റ്‌വെയർ ക്വാളിറ്റി അഷ്വറൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 15 ന് ആലുവ സെന്റ് സേവ്യേയേഴ്സ് കോളജിൽ നടക്കും.

.......................................................

നാലാം സെമസ്റ്റർ ബി.വോക്ക് ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെന്റ്, ബി.വോക്ക് ഫാഷൻ ടെക്നോളജി, ബി.വോക്ക് ഫാഷൻ ടെക്നോളജി ആന്റ് മെർച്ചൻഡൈസിംഗ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- പുതിയ സ്കീം)പരീയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ എട്ട് മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................................................

നാലാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആൻഡ് ഫാഷൻ ഡിസൈൻ സിബിസിഎസ് (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017, 2018, 2019, 2020, 2022 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷ യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതു മുതൽ നടക്കും.
(പി.ആർ.ഒ/39/556/2024)

## വൈവാവോസി

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷൻ റീ അപ്പിയറൻസ് സിഎസ്എസ്) പരീക്ഷയുടെ പ്രൊജകറ്റ് ആൻഡ് വൈവാ വോസി പരീക്ഷകൾ ജൂലൈ 10,11 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാലാ വെബ്സൈറ്റിൽ

.................................................

രണ്ടാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷ യുടെ വൈവ ജൂലൈ പത്ത് മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/557/2024)

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡിപ്ലോമ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് നടത്തുന്ന ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ് ടേഷൻ കോഴ്സിന് അപേക്ഷക്ഷണിച്ചു. ആറുമാസം, ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകൾ ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകളും മൂന്നു മാസത്തെ ആശുപത്രി പരിശീലനവും ഉൾപ്പെടുന്നതാണ്. പുതിയ ബാച്ച് ക്ലാസ്സുകൾ ജൂലൈ 15 ന് ആരംഭിക്കും.ഫോൺ- 8848040542. ഇമെയിൽ -iucdsmgu@mgu.ac.in
(പി.ആർ.ഒ/39/558/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**